പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 479 — 04.07.2012 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിലെ വയോജന സേവന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും വയോജന സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് 230 പോലീസ് സ്റ്റേഷനുകളിൽ വയോജനങ്ങൾക്കായി സീനിയർ സിറ്റിസൺ ഹെൽപ് ഡസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത് ; | (ബി) അതത് പോലീസ് സ്റ്റേഷന്റെ പരിധിയിൽ താമസിക്കുന്ന മുതിർന്ന പൗരന്മാരുടെയും നിരാലംബരായ വൃദ്ധജനങ്ങളുടെയും രക്ഷിതാക്കളുടെയും പേരുവിവരങ്ങൾ, ഫോൺ നമ്പരുകൾ മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് Register of Senior Citizen എന്ന ഒരു രജിസ്റ്റർ സൂക്ഷിയ്ക്കുക, മുതിർന്ന പൗരന്മാരുടെ ഭവനങ്ങളിൽ ജോലി ചെയ്തുവരുന്നവരുടെ വിശദാംശങ്ങളും, പൂർവ്വകാല ചരിത്രവും അന്വേഷിക്കുക, നിരാലംബരായ വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുടുംബ സഹായം എന്നിവ മുൻനിർത്തി അതാത് പ്രദേശത്തെ ആരോഗ്യ സംരക്ഷകരുടെയും അറ്റകുറ്റപണി നടത്തുന്നവരുടെയും പേരു വിവരങ്ങളും ഫോൺ നമ്പരുകളും ഉൾപ്പെടുത്തിയ ഡയറക്ടറി വിതരണം ചെയ്യുക, ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ മുതിർന്ന പൗരന്മാരുടെ വീടുകൾ സന്ദർശിക്കുകയും പട്ടാ ബുക്കുകളിൽ ഒപ്പു വയ്ക്കുകയും സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക, സുരക്ഷ സംബന്ധിച്ച് കൈക്കൊള്ളേണ്ട വിവരങ്ങളടങ്ങിയ ലഘുലേഖകൾ വിതരണം |

ചെയ്യുക തുടങ്ങിയ സേവനങ്ങൾ ഈ കേന്ദ്ര ങ്ങളിലൂടെ നൽകി വരുന്നു. എല്ലാ ശനിയാഴ്ചയും മുതിർന്ന പൗരന്മാരുടെ ഫോൺ വിളികൾ സ്വീകരിക്കുന്നതിനും, നിയമോപദേശം നൽകുന്നതിനുമായി സ്റ്റേഷൻഹൗസ് ഓഫീസർമാർ രണ്ടു മണിക്കൂർ സമയം നീക്കിവെച്ചിട്ടുണ്ട്. ഇതിനുപുറമേ സന്നദ്ധ സംഘടനകൾ, എൻ.ജി.ഒ.കൾ എന്നിവയുമായി സഹകരിച്ച് മുതിർന്ന പൗരന്മാർക്ക് പോലീസ് സഹായവും, സഹകരണവും, സേവനവും നൽകിവരുന്നു.

| | | |
|---|---|---|
| (സി) വയോജനങ്ങളുമായി സ്ഥിരമായി ബന്ധം പുലർത്തുന്നതിനുള്ള വാളന്റിയർ കമ്മിറ്റികൾ രൂപീകരിച്ച് തുടങ്ങിയിട്ടുണ്ടോ; (ഡി) ഇത്തരം സേവന കേന്ദ്രങ്ങളും വാളന്റിയർ കമ്മിറ്റികളും എല്ലാ സ്റ്റേഷനുകളിലും ഏർപ്പെടുത്തുന്നതിനായി എത്രകാലം വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ? | (സി) യും (ഡി) യും | വയോജനങ്ങളുമായി പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനും പോലീസിന്റെ സഹായങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനുമായി ഒരോ പോലീസ് സ്റ്റേഷനിലും ഒന്നോ അതിലധികമോ വാളന്റിയർ കമ്മറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ